<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4597**</u> <u>**10-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് -19 ന്റെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | നടപ്പ് അദ്ധ്യയന വർഷത്തിൽ കോവിഡ് നിയന്ത്രണങ്ങൾ മൂലം സ്കൂളുകൾ ഇതുവരെയും സാധാരണ നിലയിൽ പ്രവർത്തനം ആരംഭിച്ചി ട്ടില്ലാത്തതാണ്. എന്നാൽ കോവിഡ് 19 മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങളിൽ പൊതുഗതാഗതത്തിന് ഇളവുകൾ അനുവദിച്ചി രിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തി വരുന്നു. 02.08.2021-ന് 3109 സർവ്വീസുകൾ നടത്തിയിരുന്നു. അതിൽ 2057 ഓർഡിനറി സർവ്വീസുകളാണ്. ടി സർവ്വീസുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ വിവിധ പരീക്ഷകൾക്കുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസുകൾ നടത്തുന്നതിന് സമയാസമയം ക്രമീകരണം ഏർപ്പെടുത്തി വരുന്നു. പരീക്ഷകൾ നടക്കുന്ന അവസരങ്ങളിൽ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ കെ.എസ്.ആർ.ടി.സി.ബസുകളും നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ ബസുകളും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ